"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-തിരുവനന്തപുരം വികസന അതോറിറ്റി-2020-2021 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റും 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ .എ )വകുപ്പ്

സ.ഉ.(സാധാ) നം.1213/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

---

പരാമർശം:- 1 തിരുവനന്തപുരം വികസന അതോറിറ്റി ജനറൽ കൗൺസിലിന്റെ 16/02/2021-ലെ യോഗതീരുമാനം

2 തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/03/2021-ലെ എഫ് 2/81/2021/ട്രിഡ നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) ജനറൽ കൗൺസിൽ, പരാമർശം 1 പ്രകാരം അംഗീകരിച്ച 2020-21-ലെ ട്രിഡയുടെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റും 2021-2022 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റും സർക്കാർ അംഗീകാരത്തിനായി ട്രിഡ സെക്രട്ടറി, പരാമർശം 2 പ്രകാരം സമർപ്പിച്ചു. 2020-21 വർഷം ബജറ്റ് വിഭാവനം ചെയ്തിരുന്ന മുൻ നീക്കിയിരുപ്പ് ഉൾപ്പെടെ വരവിനത്തിൽ 13347.30 ലക്ഷം രൂപയും ചെലവിനത്തിൽ 11861.05 ലക്ഷം രൂപയും പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് യഥാർത്ഥ എസ്റ്റിമേറ്റ് വരവിനത്തിൽ 10626.783 ലക്ഷം രൂപയും ചെലവിനത്തിൽ 9655.05 ലക്ഷം രൂപയും നീക്കിയിരുപ്പ് ഉൾപ്പെടെ 971.733 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്നതായും 2021-22 സാമ്പത്തിക വർഷത്തിൽ മുൻ നീക്കിയിരുപ്പ് ഉൾപ്പെടെ 11361.03 ലക്ഷം രൂപ വരവും 10902.25 ലക്ഷം രൂപ ചെലവും 458.78 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റാണ് ട്രിഡ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നത്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ പരാമർശം 1 പ്രകാരം അംഗീകരിച്ച 2020-2021 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റും 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ എം
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് .എസ് .എ/ഇ &ആർ .എസ്.എ ) കേരളം തിരുവനന്തപുരം
ഡയറക്ടർ,സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ